# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *141** 04.12.2018 -ലെ മറുപടിയ്ക്ക്

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങൾ**

*ചോദ്യം*

ശ്രീ.വി. ജോയി
,, കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി യു. പ്രതിഭ
ശ്രീ.കെ. സുരേഷ് കുറുപ്പ്

*ഉത്തരം*

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജുകളിലെ പരീക്ഷാ നടത്തിപ്പും മൂല്യനിർണയവും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്.<br>സർവകലാശാലാ പരീക്ഷകൾ യഥാസമയം നടക്കുന്നുവെന്നും റിസൾട്ട് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നു വെന്നും ഉറപ്പാക്കുന്നതിന് ഒരു പൊതു അക്കാദമിക കലണ്ടർ രൂപീകരിക്കുന്നതിനുള്ള പ്രവർത്തങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകിവരുന്നു. ഇതിനായി, സർവകലാശാലകളിലെ പ്രോ. വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ക്കൊണ്ട് ഒരു പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട് പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നീ കാര്യങ്ങളിലൊക്കെ എല്ലാ സർവകലാശാലകൾക്കും ബാധകമായ പൊതു കലണ്ടർ രൂപീകരിക്കുകയാണ് ഉദ്ദേശ്യം. ഏകീകൃത അക്കാദമിക്- പരീക്ഷാ കലണ്ടർ സ്പ്ലിറ്റ് വെക്കേഷൻ സമ്പ്രദായം എന്നിവ |

| | | | |
|---|---|---|---|
| | | | നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | പരീക്ഷാ വിവരങ്ങൾ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും മൊബൈലിലേയ്ക്ക് കൃത്യമായി നൽകാനുള്ള നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇക്കാര്യം പരിശോധനയിലാണ്. |
| (സി) | സിലബസ് പരിഷ്കരണത്തോടനുബന്ധിച്ച് ശില്പശാലകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | നാക് അക്രഡിറ്റേഷൻ മാതൃകയിൽ സംസ്ഥാനത്തെ കോളേജുകൾക്ക് സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ (സാക്) ഏർപ്പെടുത്താൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്.<br>സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലും സ്വയംഭരണ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന കോളേജുകളെയും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അസസ്സ് ചെയ്ത് അക്രഡിറ്റേഷൻ നൽകണമെന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ 03.10.2018 ൽ കൂടിയ കൗൺസിൽ ഗവേണിംഗ് ബോഡിയോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇതിനായി അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം കൗൺസിൽ പരിശോധിക്കുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾ രാജ്യാന്തര നിലവാരത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശുപാർശയുടെ അടിസ്ഥാനത്തിൽ 2009-10 അക്കാദമിക് വർഷം മുതൽ സംസ്ഥാനത്ത് ബിരുദതലത്തിൽ സി.ബി.സി.എസ്.എസ്.(Choice Based Credit Semester System) സമ്പ്രദായം നടപ്പിലാക്കിയിരുന്നു. അക്കാദമിക ഗുണനിലവാരം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിന് ഈ മാറ്റം കാരണമായിട്ടുണ്ടെന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു പദ്ധതി കിഫ്ബി മുഖേന ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു 'കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാദമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29.04.2017 ലെ സ.ഉ.(സാധാ) 807/2017/ ഉവിവ പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതിയും എം.ജി. സർവ്വകലാശാലയ്ക്ക് 19.06.2018 ലെ സ.ഉ.(സാധാ) നം. 1189/2018/ഉവിവ പ്രകാരം 132.75 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്<br>മറ്റ് സർവ്വകലാശാലകളെ 'സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച് ' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ